20
2024
ഡിസംബർ
വെള്ളി
ധനു 5

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.34 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-34 | പേജ് 4. വില 2.00 രൂപ




02 കലോത്സവത്തിലെ അനാരോഗ്യ പ്രവണതകൾ ഒഴിവാക്കണമെന്ന് മന്ത്രി വി.ശിവൻകുട്ടി
03 ടെക്നോപാർക്കിൽ മലയാളി മങ്ക – കേരള ശ്രീമാൻ മത്സരം
04 സ്ത്രീശബ്ദം ഉയർന്നുകേട്ട പാനൽ ചർച്ച 'ഫീമെയിൽ വോയ്സസ്'

# അംബേദ്കർ വിരുദ്ധ പരാമർശം: ശക്തമായ പ്രതിഷേധം

ന്യൂഡൽഹി: അംബേദ്കറെ അവഹേളിച്ചുകൊണ്ടുള്ള കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പരാമർശത്തിൽ പ്രതിപക്ഷ പ്രതിഷേധം ശക്തം. അമിത് ഷാ മാപ്പ് പറയണമെന്നും രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റിന് പുറത്തു പ്രതിപക്ഷം പ്രതിഷേധ പ്രകടനം നടത്തി. അംബേദ്കർ പ്രതിമയ്ക്കു മുന്നിലാണ് പ്രതിപക്ഷ എംപിമാർ പ്രതിഷേധിച്ചത്. മറുവശത്ത് ബി ആർ അംബേദ്കറെ കോൺഗ്രസ് അപമാനിച്ചുവെന്ന് ആരോപിച്ച് ബിജെപിയും പ്രതിഷേധ മാർച്ച് നടത്തി. എൻഡിഎ-പ്രതിപക്ഷ എംപിമാർ നേർക്കുനേർ നിന്ന് മുദ്രാവാക്യം മുഴക്കിയതോടെ പാർലമെന്റ് വളപ്പിൽ സംഘർഷാന്തരീക്ഷമുണ്ടായി. ബഹളത്തെ തുടർന്ന് ലോക്സഭ രണ്ട് മണി വരെ പിരിഞ്ഞു. രാജ്യസഭയിലും ബഹളമുണ്ടായി. പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ വിജയ് ചൗക്കിൽ വലിയ സുരക്ഷാ സന്നാഹമൊരുക്കിയിട്ടുണ്ട്. ചൊവ്വാഴ്ച രാജ്യസഭയിൽ ഭരണഘടനയുടെ മഹത്തായ 75 വർഷങ്ങൾ ചർച്ചയ്ക്ക് മറുപടി പറയവെയാണ് അമിത് ഷാ വിവാദ പരാമർശം നടത്തിയത്. 'അംബേദ്കർ, അംബേദ്കർ, അംബേദ്കർ എന്ന് പറയുന്നത് ഇപ്പോൾ ഒരു ഫാഷനായി മാറിയിരിക്കുന്നു. ഇങ്ങനെ പറയുന്നതിന് പകരം ദൈവത്തിന്റെ പേര് ഇത്രതവണ പറഞ്ഞിരുന്നെങ്കിൽ അവർക്ക് സ്വർഗത്തിൽ ഇടം ലഭിക്കുമായിരുന്നു' എന്നാണ് അമിത് ഷാ നടത്തിയ വിവാദ പരാമർശം. ഇത് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുകയും പ്രതിഷേധം രൂക്ഷമാവുകയും ചെയ്തതതോടെ ബിജെപി പ്രതിരോധത്തിലായി. തന്റെ പരാമർശങ്ങൾ കോൺഗ്രസ് വളച്ചൊടിച്ചെന്നാണ് ഷായുടെ വാദം.




## ക്രിസ്മസിന് മുന്നോടിയായി ഒരു ഗഡു ക്ഷേമ പെൻഷൻ; തിങ്കൾ മുതൽ കിട്ടിത്തുടങ്ങും

തിരുവനന്തപുരം : സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻ അനുവദിച്ചു. ക്രിസ്മസ് പ്രമാണിച്ച് 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്. തിങ്കളാഴ്ച മുതൽ തുക പെൻഷൻകാർക്ക് കിട്ടിത്തുടങ്ങുമെന്ന് ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

27 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. കഴിഞ്ഞ മാർച്ചു മുതൽ പ്രതിമാസ പെൻഷൻ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 33,800 കോടിയോളം രൂപയാണ് ക്ഷേമ പെൻഷൻ വിതരണത്തിനായി അനുവദിച്ചത്.

ഇന്ത്യയിലെ ഏറ്റവും സമഗ്രമായ സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളത് കേരളത്തിലാണ്. ഇതിനാവശ്യമായ പണത്തിന്റെ 98 ശതമാനവും സംസ്ഥാനം കണ്ടെത്തുന്നു. രണ്ടു ശതമാനം മാത്രമാണ് കേന്ദ്ര വിഹിതം. 62 ലക്ഷം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ 5.88 ലക്ഷം പേർക്കാണ് ശരാശരി 300 രൂപവരെ സഹായം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്നത്. കേരളത്തിൽ പ്രതിമാസ പെൻഷൻക്കാർക്ക് ലഭിക്കുന്നത് 1600 രുപയും. ബാക്കി മുഴുവൻ തുകയും സംസ്ഥാനം കണ്ടെത്തുന്നു. കേന്ദ്ര സർക്കാർ വിഹിതത്തിൽ 2023 ജൂലൈ മുതലുള്ള 425 കോടിയോളം രൂപ ഈ നവംബർ വരെ കുടിശികയുണ്ട്.

## ശബരിമലയ്ക്കായി ചാനൽ

ശബരിമല : ശബരിമലയ്ക്കായി ടിവി ചാനൽ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടെന്ന് ദേവസ്വം ബോർഡ്. ക്ഷേത്രവുമായി ബന്ധപ്പെട്ട വാർത്തകളും അറിയിപ്പുകളുമെല്ലാം ജനങ്ങളിലെത്തിക്കാൻ ചാനലിലൂടെ കഴിയും. മണ്ഡല-മകരവിളക്ക് സീസണിന് പുറമേ മാസ പൂജയടക്കം ശബരിമലയിലെ വിശേഷങ്ങളും പ്രധാന പൂജകളും ആചാരങ്ങളുമെല്ലാം സംപ്രേഷണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ലക്ഷക്കണക്കിന് തീർഥാടകരെത്തുന്ന തമിഴ്നാട്, കർണാടക, ആന്ധ്ര, തെലങ്കാന എന്നിവയുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ വമ്പൻ കമ്പനികളിൽനിന്ന് പരസ്യ വരുമാനവും ചാനലിലൂടെ ബോർഡ് പ്രതീക്ഷിക്കുന്നുണ്ട്.

## യുക്രെയ്നെതിരായ യുദ്ധം അവസാനിപ്പിക്കാൻ തയാർ; ട്രംപുമായി ചർച്ച നടത്താം'

മോസ്കോ : യുക്രെയ്നെതിരായ യുദ്ധം അവസാനിപ്പിക്കാൻ വിട്ടുവീഴ്ചക്ക് തയാറാണെന്ന് പ്രഖ്യാപിച്ച് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ. യുദ്ധം അവസാനിപ്പിക്കാൻ നിയുക്ത യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി ചർച്ചയ്ക്ക് തയാറാണെന്നും പുട്ടിൻ പറഞ്ഞു. യുക്രെയ്നെതിരായ യുദ്ധത്തിൽ റഷ്യൻ സൈന്യം പ്രാഥമിക ലക്ഷ്യം കൈവരിച്ചെന്ന വിലയിരുത്തലടക്കം നടത്തിയാണ് പുട്ടിൻ, നിലപാട് മയപ്പെടുത്തിയത്. റഷ്യക്കാരുമായുള്ള വാർഷിക ചോദ്യോത്തര വേളയിൽ സ്റ്റേറ്റ് ടിവിയിൽ ഉയർന്ന ചോദ്യങ്ങൾക്കുള്ള മറുപടിക്കിടെയാണ് പുട്ടിൻ നിലപാട് വ്യക്തമാക്കിയത്.

'ലക്ഷങ്ങൾ കമ്മിഷൻ വാങ്ങി': കേരളത്തിലെ മെഡിക്കൽ മാലിന്യങ്ങൾ തിരുനെൽവേലിയിൽ; 2 പേർ അറസ്റ്റിൽ

യുക്രെയ്ൻ യുദ്ധത്തിലടക്കം ട്രംപുമായി ചർച്ചക്ക് റഷ്യ തയാറാണെന്നും പുട്ടിൻ പറഞ്ഞു. 4 വർഷത്തോളമായി ട്രംപുമായി സംസാരിച്ചിട്ടെന്ന് പറഞ്ഞ പുട്ടിൻ, ട്രംപ് വീണ്ടും യുഎസ് പ്രസിഡൻറാകുന്നതോടെ ചർച്ചകൾ നടക്കുമെന്നാണ് പ്രതീക്ഷയെന്നും പറഞ്ഞു. നേരത്തെ യുഎസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ ഒരു ദിവസത്തിനുള്ളിൽ യുദ്ധം അവസാനിപ്പിക്കുമെന്ന് ട്രംപ് പറഞ്ഞിരുന്നു. തിരഞ്ഞെടുപ്പ് വിജയത്തിനു പിന്നാലെ ട്രംപ്, പുട്ടിനുമായി ഫോണിൽ സംസാരിച്ചെന്ന റിപ്പോർട്ടുകളും പുറത്തുവന്നിരുന്നു.

## കെഎസ്ആർടിസി അധിക സർവീസുകൾ നടത്തും


തിരുവനന്തപുരം ക്രിസ്മസ് പുതുവത്സര അവധികൾ പ്രമാണിച്ച് കെഎസ്ആർടിസി അധിക അന്തർ സംസ്ഥാന സംസ്ഥാനാന്തര സർവീസുകൾ നടത്തും. കേരളത്തിൽ നിന്നും ബെംഗളൂരു, ചെന്നൈ, മൈസൂർ തുടങ്ങിയ പ്രധാന നഗരങ്ങളിലേക്കുള്ള സ്ഥിരം 48 സർവീസുകൾക്ക് ഉപരിയായി 38 ബസുകൾ കൂടി അധികമായി അന്തർ സംസ്ഥാന സർവീസുകൾക്ക് ക്രമികരിച്ചു. 34 ബെംഗളൂരു ബസുകളും 4 ചെന്നൈ ബസുകളുമാണ് ഇത്തരത്തിൽ ക്രമീകരിച്ചിട്ടുള്ളത്. ഇത് ശബരിമല സ്പെഷൽ അന്തർസംസ്ഥാന സർവീസുകൾക്ക് ഉപരിയായാണ് ക്രമീകരിച്ചിരിക്കുന്നത്.

## മോഹൻലാലിന്റെ ഭാഗ്യനമ്പർ ഇനി ആരാധകനും സ്വന്തം

മോഹൻലാലിന്റെ ഭാഗ്യനമ്പർ ഇനി ആരാധകനും സ്വന്തം.മോഹൻലാൽ ആരാധകർക്ക് വർഷങ്ങളായി ഹൃദയത്തിൽ പതിഞ്ഞ മാസ്റ്റർപീസ് ഡയലോഗുകൾ ഉണ്ട് അതിലൊന്നാണ് രാജാവിന്റെ മകനിൽ വിൻസെന്റ് ഗോമസ് പറയുന്ന ടെലിഫോൺ നമ്പർ 2255..സൂപ്പർഹിറ്റും താരപദവിയും മോഹൻലാലിനു കൈവന്ന രാജാവിന്റെ മകനിലെ ഈ ഭാഗ്യനമ്പർ താരവും ആരാധകരും പിന്നീടു സ്വന്തമാക്കി.ഇതു യഥാർത്ഥത്തിൽ അക്കാലത്തെ മോഹൻലാലിന്റെ ലാന്റ് ഫോൺ നമ്പർ തന്നെയായിരുന്നുവെന്നുവേണം കരുതുവാൻ.

ഇക്കുറി തിരുവനന്തപുരത്തെ മോഹൻലാലിന്റെ ആരാധകനും ഒപ്പം ഫാൻസിന്റെ സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന പ്രവർത്തകനുമായ ബിജൂകുറ്റിയാനിയാണ് മോഹൻലാലിന്റെ അഭിനയ മുദ്രപതിഞ്ഞ ഫാൻസി നമ്പർ 2255 സ്വന്തമാക്കിയത്.ബിജൂ പുതുതായി വാങ്ങിയകാറിന് ആഗ്രഹിച്ച നമ്പർ നേടിയെടുക്കുവാൻ മൽസരവും നല്ലൊരു തുകയും മുടക്കേണ്ടി വന്നു.ഇരുപത്തഞ്ചു വർഷത്തിലേറെയായി മോഹൻലാലിന്റെ ആരാധകനാണ് ബിജു.ഫാൻസ് ഭ്രമം ആരാധനയായി മാറിയെങ്കിലും വിദ്യാഭ്യാസവും തൊഴിലും കൃത്യനിഷ്ടയോടെ ചെയ്തു ജീവിതവിജയം നേടിക്കൊണ്ട് ഫാൻസുകാർക്കാകെ മാതൃകയാണ് ബിജു.ഇഷ്ട നമ്പർ നേടിയെടുത്തതിനു ശേഷമുള്ള ആദ്യയാത്രയും മോഹൻലാലിന്റെ ലൊക്കേഷനിലേക്കായിരുന്നു.പാലക്കാടു ലൊക്കേഷനിൽ ചെന്നു മോഹൻലാലിനെക്കണ്ടു.ഒപ്പം നിന്നു ഫോട്ടാ എടുക്കണമെന്ന ആഗ്രഹം പറഞ്ഞപ്പോൾ മോഹൻലാൽ ആരാധകന്റെ ആഗ്രഹവും നിറവേറ്റിക്കൊടുത്തു.





തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് ആമയിഴഞ്ചാൻതോട് സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു

# കരുതലും കൈത്താങ്ങും അദാലത്ത്: ജനങ്ങൾക്ക് ആശ്വാസമായി

തിരുവനന്തപുരം ജില്ലയിൽ ഡിസംബർ 9 മുതൽ 17 വരെ നടന്ന കരുതലും കൈത്താങ്ങും താലൂക്ക് തല അദാലത്ത് പൊതുജനങ്ങൾക്ക് ആശ്വാസമായെന്നും നിരവധി പരാതികൾ അദാലത്തിൽ പരിഹരിക്കാൻ സാധിച്ചുവെന്നും പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി വി.ശിവൻകുട്ടിയും ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രി ജി.ആർ അനിലും വാർത്താസമ്മേളനത്തിൽ പറഞ്ഞു. അദാലത്ത് വേദികളിൽ ലഭിച്ച പുതിയ അപേക്ഷകളിൽ രണ്ടാഴ്ചയ്ക്കകം നടപടി സ്വീകരിച്ച് അപേക്ഷകന് മറുപടി നൽകും. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ അവഗണിക്കപ്പെടുന്നില്ലെന്ന് അദാലത്ത് ഉറപ്പാക്കി. ഉദ്യോഗസ്ഥരുടെ സേവന മനോഭാവത്തിൽ മാറ്റം വരുത്താനും അദാലത്തുകൾ വഴിതെളിച്ചു.

തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ മുഖേന ആകെ 4589 അപേക്ഷകൾ ലഭിച്ചതിൽ 3010 അപേക്ഷകൾ അദാലത്തിൽ പരിഗണിച്ചു നടപടികൾ പൂർത്തീകരിച്ചു.

ഡിസംബർ 9 ന് വഴുതയ്ക്കാട് വിമൻസ് കോളേജ് ആഡിറ്റോറിയത്തിൽ നടന്ന തിരുവനന്തപുരം താലൂക്ക് അദാലത്തിൽ ഓൺലൈനായി ലഭിച്ച 1235 അപേക്ഷകളിൽ 556 എണ്ണം അദാലത്തിൽ പരിഗണിച്ചു. അദാലത്ത് നടന്ന വേദിയിൽ 379 അപേക്ഷകൾ പുതുതായി ലഭിച്ചു. ഡിസംബർ 10 ന് നെയ്യാറ്റിൻകര എസ്.എൻ ആഡിറ്റോറിയത്തിൽ നടന്ന നെയ്യാറ്റിൻകര താലൂക്ക് അദാലത്തിൽ ഓൺലൈനായി ലഭിച്ച 743 അപേക്ഷകളിൽ 415 അപേക്ഷകൾ പരിഗണിച്ചു. അദാലത്ത് വേദിയിൽ 962 അപേക്ഷകൾ പുതുതായി ലഭിച്ചു.

ഡിസംബർ 12 ന് നെയ്യാറ്റിൻകര പഴകുറ്റി എം റ്റി ആഡിറ്റോറിയത്തിൽ നടന്ന നെടുമങ്ങാട് താലൂക്ക് അദാലത്തിൽ ഓൺലൈനായി ലഭിച്ച 1216 അപേക്ഷകളിൽ 1026 എണ്ണം പരിഗണിച്ചു. അദാലത്ത് വേദിയിൽ 968 അപേക്ഷകൾ പുതുതായി ലഭിച്ചു. മാമം പൂജ കൺവെൻഷൻ സെന്ററിൽ ഡിസംബർ 13 ന് നടന്ന ചിറയിൻകീഴ് താലൂക്ക് അദാലത്തിൽ ഓൺലൈനായി ലഭിച്ച 452 അപേക്ഷകളിൽ 246 എണ്ണം പരിഗണിച്ചു. അദാലത്ത് വേദിയിൽ 275 അപേക്ഷകൾ പുതുതായി ലഭിച്ചു.

ഡിസംബർ 16 ന് വർക്കല എസ് എൻ കോളേജിൽ നടന്ന വർക്കല താലൂക്ക് അദാലത്തിൽ ഓൺലൈനായി ലഭിച്ച 533 അപേക്ഷകളിൽ 439 അപേക്ഷകൾ പരിഗണിച്ചു. അദാലത്ത് വേദിയിൽ 526 അപേക്ഷകൾ പുതുതായി ലഭിച്ചു. കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ഡിസംബർ 17 ന് നടന്ന കാട്ടാക്കട താലൂക്ക് അദാലത്തിൽ ഓൺലൈനായി ലഭിച്ച 410 അപേക്ഷകളിൽ 328 അപേക്ഷകൾ പരിഗണിച്ചു. അദാലത്ത് വേദിയിൽ 604 അപേക്ഷകൾ പുതുതായി ലഭിച്ചു.

പൊതുവിഭാഗത്തിൽ നിന്നും മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റിയ 1038 റേഷൻ കാർഡുകൾ അദാലത്തുകളിൽ വിതരണം ചെയ്തു. തിരുവനന്തപുരം ജില്ലയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് 1807 അപേക്ഷകളും സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് 457 അപേക്ഷകളും തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് 576 അപേക്ഷകളും പരിഗണിച്ചു.

അദാലത്തു വേദികളിൽ പുതുതായി ലഭിച്ച എല്ലാ അപേക്ഷകളിലും രണ്ടാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിച്ച് അപേക്ഷകന് മറുപടി നൽകി തീർപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രിമാർ അറിയിച്ചു.

# കലോത്സവത്തിലെ അനാരോഗ്യ പ്രവണതകൾ ഒഴിവാക്കണമെന്ന് മന്ത്രി വി.ശിവൻകുട്ടി

സ്കൂൾ കലോത്സവവേദികളിലുണ്ടാവുന്ന അനാരോഗ്യ പ്രവണതകൾ ഒഴിവാക്കണമെന്നും പരസ്യമായ പ്രതിഷേധ പ്രകടനങ്ങൾ കലോത്സവത്തിന്റെ അന്തസ്സിന് കളങ്കമുണ്ടാക്കുന്നതായും പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കലോത്സവ മത്സരങ്ങളിലെ വിധി നിർണയവുമായി ബന്ധപ്പെട്ട് പരസ്യമായ പ്രതിഷേധ പ്രകടനങ്ങളും ഉദ്യോഗസ്ഥരെ തടഞ്ഞുവയ്ക്കുന്ന സ്ഥിതിയും ചിലയിടങ്ങളിലുണ്ടായി. ആരോഗ്യകരമായ കലോത്സവ അന്തരീക്ഷത്തിന് തടസ്സമുണ്ടാക്കുന്ന രീതിയാണിത്.

വിധി നിർണയത്തിനായി വിദ്യാർത്ഥികൾക്ക് സ്കൂൾ തലം മുതൽതന്നെ അപ്പീൽ നൽകുന്നതിന് അവസരം നൽകിയിട്ടുണ്ട്. മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം ആയിരം രൂപ ഫീസോടെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പ്രിൻസിപ്പാൾ, ഹെഡ് മാസ്റ്റർ എന്നിവർക്ക് പരാതി നൽകാം. തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് തിരികെ നൽകും. ഉപജില്ലാതല മത്സരത്തിലെ പരാതികൾ തീർപ്പാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധ്യക്ഷതയിൽ അഞ്ച് അംഗ സമിതിയുണ്ട്. മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം രണ്ടായിരം രൂപ ഫീസോടെ പരാതി നൽകാം. റവന്യൂ ജില്ലാ കലോത്സവ മത്സരങ്ങളുടെ പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ അധ്യക്ഷനായ ഒൻപത് അംഗ സമിതി പരിശോധിക്കും. അപ്പീൽ തീർപ്പാക്കുന്നതിന് മത്സരാർത്ഥികൾ കോടതിയെയും സമീപിക്കുന്നുണ്ട്. നിലവിൽ ഇത്തരം സൗകര്യങ്ങൾ ഉള്ളപ്പോൾ പരസ്യമായ പ്രതിഷേധ പ്രകടനങ്ങൾ ഒഴിവാക്കേണ്ടതാണ്. കലോത്സവ മാനുവൽ പാലിക്കപ്പെടണമെന്നും പ്രതിഷേധ പ്രകടനങ്ങളിൽ നിന്നും വിദ്യാർഥികളെ പിന്തിരിപ്പിക്കാൻ അധ്യാപകരും ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെയും (ടകളo) മീഡിയ അക്കാദമിയുടെയും, പത്രപ്രവർത്തക യൂണിയന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് ഫോട്ടോ പ്രദർശനവും ന്യൂസ്പേപ്പർ ലേ ഔട്ട് പ്രദർശനവും സംഘടിപ്പിക്കും. സ്കൂൾ കലോത്സവത്തിന്റെ അറുപത്തിരണ്ടു വർഷത്തെ ചരിത്രവും, പഴയകാല കലോത്സവ ചിത്രങ്ങളും, പത്രവാർത്തകളും പ്രദർശനത്തിലുണ്ടാവും.

# സ്കൂൾ കലോത്സവ പ്രചാരണത്തിനായി റീൽസ് മത്സരം

ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്തു നടക്കുന്ന അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പ്രചാരണത്തിനായി റീൽസ് മത്സരം സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ സ്കൂളുകൾ തമ്മിലാണ് മത്സരം. അധ്യാപകരും വിദ്യാർഥികളും ചേർന്ന് തയ്യാറാക്കുന്ന ആയിരം റീലുകൾ സമൂഹ മാധ്യമങ്ങളിൽ സ്കൂൾ കലോത്സവത്തിന്റെ പ്രചാരണത്തിനായി ഉപയോഗപ്പെടുത്തും. യുവജനോത്സവസന്ദേശം പൊതുസമൂഹത്തിനു മുന്നിലെത്തിക്കുകയാണ് ലക്ഷ്യം. സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സന്ദേശ വീഡിയോകളും കലോത്സവ പ്രചാരണത്തിനുണ്ടാവും.

സ്കൂളുകൾക്ക് പുറമെ പൊതു വിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ സ്ഥാപനങ്ങളും റീലുകൾ തയ്യാറാക്കും. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ ആഭിമുഖ്യത്തിലാണ് മത്സരം സംഘടിപ്പിക്കുന്നത്. സ്കൂൾ ശുചിത്വം, പ്രകൃതി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് റീലുകൾ നിർമ്മിക്കേണ്ടത്. കലോത്സവത്തിന്റെ വിവിധ വേദികൾക്ക് നദികളുടെ പേരുകൾ നിശ്ചയിച്ചിട്ടുള്ളതിനാൽ നദികളെയും റീലിനു വിഷയമാക്കാം. സാമൂഹ്യ - സാംസ്കാരിക തനിമയുള്ള ഒരു മിനിട്ട് വരെ ദൈർഘ്യമുള്ള റീലുകളാണ് പരിഗണിക്കുന്നത്. സാമൂഹ്യ മാധ്യമങ്ങളിൽ ലഭിക്കുന്ന പ്രതികരണങ്ങൾ വിലയിരുത്തി മികച്ച സ്കൂളുകൾക്ക് സമ്മാനങ്ങൾ നൽകും. മൽസരത്തിനുള്ള റീലുകൾ ഡിസംബർ 25 നു മുൻപായി keralaschoolkalolsavam@gmail.com ഇ-മെയിൽ വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471-2338541.

റീൽസ് ഉത്സവത്തിന്റെ ഭാഗമായി ആദ്യം തയ്യാറാക്കിയ 4 റീലുകൾ സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നടന്ന വാർത്താസമ്മേളനത്തിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ജില്ലാ കളക്ടർ അനുകുമാരിക്ക് നൽകി പ്രകാശനം ചെയ്തു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ, എസ്.ഐ.ഇ.ടി ഡയറക്ടർ ബി. അബുരാജ്, എ.ഡി.എം. പി.കെ വിനീത് എന്നിവർ പങ്കെടുത്തു.

# എംപോക്സ് രോഗികളുമായി സമ്പർക്കത്തിൽ വന്നവർക്ക് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണം: മന്ത്രി വീണാ ജോർജ്

എംപോക്സ് രോഗികളുമായി സമ്പർക്കത്തിൽ വന്നവർക്ക് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. യു.എ.ഇ.യിൽ നിന്നും വന്ന വയനാട് സ്വദേശിയ്ക്ക് രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധം ശക്തമാക്കിയിരുന്നു. യു.എ.ഇ.യിൽ നിന്നും വന്ന കണ്ണൂർ സ്വദേശിയ്ക്ക് കൂടി എംപോക്സ് സ്ഥീരീകരിച്ചു. ഇരുവരും കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഇവരുടെ റൂട്ട് മാപ്പ് ഉടൻ പ്രസിദ്ധീകരിക്കും. കൂടുതൽ ഐസൊലേഷൻ സംവിധാനം ക്രമീകരിക്കാനും മന്ത്രി നിർദേശം നൽകി. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

എംപോക്സ് വളരെ ശ്രദ്ധിക്കണം. രോഗലക്ഷണങ്ങൾ പ്രകടമായതിന് ശേഷമാണ് രോഗം പകരുന്നത്. സമ്പർക്കമുണ്ടായാൽ 21 ദിവസം ശ്രദ്ധിക്കേണ്ടതാണ്. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എംപോക്സ് രോഗലക്ഷണങ്ങൾ ഉണ്ടായാൽ ഐസൊലേഷനിൽ തുടരേണ്ടതും ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കേണ്ടതുമാണ്. എയർപോർട്ടുകളിലുൾപ്പെടെ അവബോധം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോവിഡോ എച്ച്1 എൻ1 ഇൻഫ്ളുവൻസയോ പോലെ വായുവിലൂടെ പകരുന്ന ഒരു രോഗമല്ല എംപോക്സ്. രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരിക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗിക ബന്ധം, കിടക്ക, വസ്ത്രം എന്നിവ സ്പർശിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക, തുടങ്ങിയ വയിലൂടെ രോഗസാധ്യത വളരെയേറെയാണ്. പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കണം.

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജക്കുറവ് എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. മുഖത്തും കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിനുപുറമെ കൈപ്പത്തി, ജനനേന്ദ്രിയം, കണ്ണുകൾ എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടുന്നു. അസുഖബാധിതരായ ആൾക്കാരുമായി നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാർഗങ്ങൾ അവലംബിക്കാതെ അടുത്തിടപഴകുന്ന ആൾക്കാർക്കാണ് എംപോക്സ് ഉണ്ടാകുക. മുണ്ടിനീരിനുള്ള പ്രതിരോധ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്രത്തോട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്. മുണ്ടിനീര് ബാധിച്ച കുട്ടികളെ സ്കൂളിൽ അയയ്ക്കരുത്. സ്റ്റേറ്റ് അഡൈ്വസറി യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ മന്ത്രി നിർദേശം നൽകി.

## ഏരൂരിൽ സ്കൂട്ടറും ഓട്ടോയും കൂട്ടിയിടിച്ച് അപകടം; നവവരൻ മരിച്ചു

കൊച്ചി: ഏരൂരിൽ സ്കൂട്ടറും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് നവവരൻ മരിച്ചു. വൈക്കം സ്വദേശി വിഷ്ണു ഗോപാൽ(31) ആണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ഇയാളുടെ ഭാര്യ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ചൊവ്വാഴ്ച രാത്രി ഏഴോടെയാണ് അപകടം. മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടെ സ്കൂട്ടർ ഓട്ടോറിക്ഷയിൽ ഇടിക്കുകയായിരുന്നു. നാട്ടുകാർ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഡിസംബർ നാലിനായിരുന്നു ഇവരുടെ വിവാഹം.

## ഫോട്ടോകൾ ക്ഷണിച്ചു

അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർതടങ്ങളുടെ ഫോട്ടോ പ്രദർശനത്തിലേക്ക് ഫോട്ടോകൾ ക്ഷണിച്ചു. വ്യക്തിഗത ഫോട്ടോഗ്രാഫർമാർക്ക് https://eu.jotform.com/form/242451730622348 ലിങ്കിലൂടെ ഫോട്ടോകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: https://www.ramsar.org/invitation-submissions-ramsar-sites-photo-exhibition-cop15.

# കോമേഴ്സ് ബിരുധാരികൾക്ക് യു എസ് അക്കൗണ്ടിംഗ് മേഖലയിൽ വമ്പൻ അവസരവുമായി അസാപ് കേരളയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും

സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് രംഗത്തേക്ക് കൊമേഴ്സ് ബിരുദധാരികൾക്ക് എത്തിപ്പെടുവാൻ അവസരമൊരുക്കുകയാണ് അസാപ് കേരളയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും. ഇന്ത്യയിലെ ചാർട്ടഡ് അക്കൗണ്ടന്റിന് സമാനമായ അമേരിക്കയിലെ പ്രൊഫഷണൽ യോഗ്യതയാണ് ഇജഅ. കൊമേഴ്സ് ബിരുദധാരികൾക്ക് ഉയർന്ന ശമ്പളത്തോടു കൂടി ഏറെ തൊഴിൽ സാധ്യതയുള്ള മേഖലയാണിത്.

CPA പ്രൊഫഷണലിസിന് നിലവിൽ ശരാശരി വാർഷിക ശമ്പളം 12 മുതൽ 18 ലക്ഷം രൂപ വരെ ലഭിക്കുന്നുണ്ട്. കൊമേഴ്സ് ബിരുദധാരികൾക്ക് CPA പരീക്ഷാ പരിശീലനത്തോടുകൂടിയ യു.എസ്. ജനറലി അക്സപ്റ്റഡ് അക്കൗണ്ടിംഗ് പ്രിൻസിപ്പിൾസിൽ ഒരു വർഷം ദൈർഘ്യമുള്ള PG Diploma കോഴ്സാണ് അസാപ് കേരളയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംയുക്തമായി ആരംഭിക്കുന്നത്. ഡിപ്ലോമ വഴി ഇജഅ പരീക്ഷയ്ക്കുള്ള പരിശീലനം പൂർത്തിയാകുന്നതിലൂടെ പരമാവധി ലഭിക്കുന്ന 35 അധിക അക്കാദമിക് ക്രെഡിറ്റ് കൂടി ചേരുമ്പോൾ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ്സ് അംഗീകൃത സി.പി.എ. പരീക്ഷ എഴുതാനുള്ള അമേരിക്കൻ ഗവണ്മെന്റ് നിഷ്കർഷിക്കുന്ന യോഗ്യത നേടാൻ കഴിയും. ഈ കോഴ്സ് പൂർത്തിയാകുന്നതുവഴി ഇന്ത്യയിലും അമേരിക്കയിലും ബാങ്കിംഗ്, ഫിനാൻസ്, അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് മേഖലകളിൽ നിരവധി തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്. മികച്ച അദ്ധ്യാപകർ നേതൃത്വം നൽകുന്ന ഈ കോഴ്സ് പൂർത്തീകരിക്കുന്ന വിദ്യാർഥികൾക്ക് ബഹുരാഷ്ട്ര കമ്പനികളിൽ പ്ലേയ്സ്മെന്റ് നേടുവാനുള്ള അവസരങ്ങൾ ലഭിക്കും. കേരളത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു പരിശീലനത്തിന് ധാരണയാകുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 9745083015/ 9495999706.

# ആംനസ്റ്റി പദ്ധതിയിലേക്ക് 31 വരെ അപേക്ഷിക്കാം

ജി.എസ്.ടി നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 2024 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിശ്ശിക നിവാരണ പദ്ധതിയിലേക്ക് ഡിസംബർ 31 വരെ അപേക്ഷിക്കാം.

കേരള മൂല്യ വർധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർചാർജ് നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നീ മുൻകാല നിയമങ്ങളോടനുബന്ധിച്ചുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരമാണ് ഈ പദ്ധതിയിലൂടെ ലഭ്യമായിരിക്കുന്നത്.

ഈ പദ്ധതി പ്രകാരം അൻപതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 2024 ഡിസംബർ 1 മുതൽ 2024 ഡിസംബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഈ കാലാവധിയിൽ സമർപ്പിച്ച അപേക്ഷയിൻ മേൽ ഷോർട് നോട്ടീസ് ലഭിച്ച് 60 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും കേരള ഫിനാൻസ് ആക്ട് സെക്ഷൻ 9 (3) പ്രകാരം ഈ കാലയളവിൽ സമർപ്പിച്ച അപേക്ഷയിൽ മോഡിഫിക്കേഷൻ ഉത്തരവ് ലഭിച്ച് 60 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും താഴെ പറയുന്ന നിരക്ക് ബാധകമാണ്.

അൻപതിനായിരം രൂപയ്ക്ക് മുകളിൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 36 ശതമാനം ഒടുക്കി തീർപ്പാക്കാം. പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾ (അപ്പീലിലുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 46 ശതമാനവും അപ്പീലിൽ ഇല്ലാത്ത കുടിശ്ശികകൾ നികുതി തുകയുടെ 56 ശതമാനവും) രണ്ട് വിധത്തിൽ തീർപ്പാക്കാം.

ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾ (അപ്പീലിലുള്ള കുടിശ്ശികകൾ നികുതി തുകയുടെ 76 ശതമാനവും അപ്പീലിൽ ഇല്ലാത്ത കുടിശ്ശികകൾ നികുതി തുകയുടെ 86 ശതമാനവും) എന്നിങ്ങനെ തീർപ്പാക്കാം.

ഈ കാലാവധിയിൽ സമർപ്പിച്ച അപേക്ഷയിൻ മേൽ ഷോർട് നോട്ടീസ്, മോഡിഫിക്കേഷൻ ഉത്തരവ് എന്നിവ പ്രകാരമുള്ള പേയ്മെന്റുകൾ 60 ദിവസത്തിന് മുകളിൽ 120 ദിവസത്തിനകം വരെ ചെയ്യുന്നവർക്ക് നിരക്കിൽ 2 ശതമാനം അധിക ബാധ്യത ഉണ്ടാകും.

പദ്ധതി പ്രകാരം ബാധകമാകുന്ന നിരക്കിലുള്ള തുക ഇ-ട്രഷറി പോർട്ടലായ ംം.ലൃലമ്യൌ.സലൃമഹമ.ഴീ.ശി വഴി അടച്ചതിനു ശേഷം അപ്രകാരം അടച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ ംംം.സലൃമഹമമേഃല.ഴീ.ശിൽ സമർപ്പിക്കണം.

ഇതുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ ംww.keralataxes.gov.in സന്ദർശിക്കുക അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 1153 /2024 തീയതി 12/12/2024 കാണുക. പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി ഡിസംബർ 31.



നിയമസഭാ പുസ്തകോത്സവത്തിന്റെ മീഡിയ സെൽ സ്പീക്കർ എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്യുന്നു

# ധ്യാൻ ശ്രീനിവാസൻ നായകനാകുന്ന 'ഐഡി'; പുതിയ പോസ്റ്റർ റിലീസ് ആയി...

### ചിത്രം ജനുവരി 03ന് റിലീസ് ചെയ്യും




എസ്സാ എന്റർടൈൻമെന്റ്സിന്റെ ബാനറിൽ മുഹമ്മദ് കുട്ടി നിർമ്മിച്ച് ധ്യാൻ ശ്രീനിവാസനെ നായകനാക്കി നവാഗതനായ അരുൺ ശിവവിലാസം തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് 'ഐഡി'. ചിത്രത്തിന്റെ പുതിയ പോസ്റ്റർ റിലീസ് ചെയ്ത് അണിയറ പ്രവർത്തകർ. 'ദി ഫേക്ക്' എന്ന ടാഗ് ലൈനിൽ വരുന്ന ചിത്രം ജനുവരി 03ന് റിലീസ് ചെയ്യും. ചിത്രത്തിൽ ദിവ്യ പിള്ളയാണ് നായിക. ഇന്ദ്രൻസ്, ഷാലു റഹീം എന്നിവരും ചിത്രത്തിൽ കേന്ദ്ര കഥാപാത്രങ്ങളാവുന്നു. കലാഭവൻ ഷാജോൺ, ജോണി ആന്റണി, ബോബൻ സാമുവൽ, ഭഗത് മാനുവൽ, ജയകൃഷ്ണൻ, പ്രശാന്ത് അലക്സാണ്ടർ, പ്രമോദ് വെളിയനാട്, ഉല്ലാസ് പന്തളം, സ്മിനു സിജോ, മനോഹരിയമ്മ, ജസ്ന്യ ജഗദീഷ്, ബേബി, ഷൈനി സാറ തുടങ്ങിയ താരനിരയും ചിത്രത്തിൽ അണിനിരക്കുന്നു.

ഐജാസ് വി.എ, ഷഫീൽ എന്നിവരാണ് ചിത്രത്തിൻെറ എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്.ഛായാഗ്രഹണം: ഫൈസൽ അലി, ലൈൻ പ്രൊഡ്യൂസർ: ഫായിസ് യൂസഫ്, മ്യൂസിക്: നിഹാൽ സാദിഖ്, ബി.ജി.എം: വില്യം ഫ്രാൻസിസ്, എഡിറ്റർ: റിയാസ് കെ ബദർ, പ്രൊഡക്ഷൻ കൺട്രോളർ: സുരേഷ് മിത്രക്കരി, ചീഫ് അസോസിയേറ്റ് ഡയറക്ടർ: കെ.ജെ വിനയൻ, അസോസിയേറ്റ് ഡയറക്ടർ: ടിജോ തോമസ്, ആർട്ട്: വേലു വാഴയൂർ, വരികൾ: അജീഷ് ദാസൻ, മേക്കപ്പ്: ജയൻ പൂങ്കുളം, കോസ്റ്റ്യൂംസ്: രാംദാസ്, വി.എഫ്.എക്സ്: ഷിനു മഡ്ഹൗസ്, എസ്.എഫ്.എക്സ്: നിഖിൽ സെബാസ്റ്റ്യൺ, ഫിനാൻസ് കൺട്രോളർ: മിഥുൻ ജോർജ് റിച്ചി, ടിം തോമസ് ജോൺ, സൗണ്ട് മിക്സിംങ്: അജിത്ത് എ ജോർജ്, ട്രെയിലർ കട്ട്സ് : ഹരീഷ് മോഹൻ, ഡിസ്ട്രിബ്യൂഷൻ: തന്ത്ര മീഡിയ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് & ഡിസൈൻസ്: ജിസ്സൻ പോൾ, പി.ആർ.ഒ: പി ശിവപ്രസാദ്, സ്റ്റിൽസ്: റിച്ചാർഡ് ആന്റണി എന്നിവരാണ് ചിത്രത്തിന്റെ മറ്റു അണിയറ പ്രവർത്തകർ.

# ഈ വയലൻസ് ഹെവി ട്രെൻഡിങ്; ഉണ്ണി മുകുന്ദൻ ചിത്രം 'മാർക്കോ'യുടെ പ്രീ സെയിൽസ് കളക്ഷൻ ഒരു കോടി കഴിഞ്ഞു






ക്യൂബ്സ് എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ഷെരീഫ് മുഹമ്മദ് നിർമ്മിക്കുന്ന ഉണ്ണി മുകുന്ദൻ ചിത്രം 'മാർക്കോ' ഈ വെള്ളിയാഴ്ച തിയറ്ററുകളിലെത്തും. മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ എന്നീ 5 ഭാഷകളിലായ് വമ്പൻ റിലീസിനൊരുങ്ങുന്ന ചിത്രം ക്യൂബ്സ് എന്റർടൈൻമെന്റ്സ് തന്നെയാണ് വിതരണത്തിനെത്തിക്കുന്നത്. ഹനീഫ് അദെനിയുടെ സംവിധാനത്തിൽ ഒരുങ്ങിയ ചിത്രത്തിന്റെ ബുക്കിംഗ് രണ്ടു ദിവസം മുൻപ് ആരംഭിച്ചിരുന്നു. ബുക്ക് മൈ ഷോ ബുക്കിഗിൽ 130ഗക്ക് മുകളിലാണ് ഇതുവരെ ഇന്ററസ്റ്റ് വന്നിരിക്കുന്നത്. മിനിസ്റ്റർ ഷംസീറാണ് ആദ്യ ടിക്കറ്റെടുത്തത് എന്നതും വാർത്തകളിൽ ഇടം നേടിയ വിഷയമാണ്. ബുക്കിംഗ് ഓപ്പൺ ചെയ്ത് മിനിറ്റുകൾക്കുള്ളിൽ ഫാസ്റ്റ് ഫില്ലിങ്ങാവുന്ന സാഹചര്യമാണ് കാണുന്നുത്. ട്രാക്കിങ് റിപ്പോർട്ടുകൾ പ്രകാരം മാർക്കോയുടെ പ്രീ സെയിൽസ് കളക്ഷൻ ഒരു കോടിയ്ക്ക് മേൽ വന്നിട്ടുണ്ട്. ഇതോടെ ഉണ്ണി മുകുന്ദന്റെ കരിയറിലെ ഏറ്റവും വലിയ ആദ്യ ദിന കളക്ഷൻ നേടുന്ന ചിത്രമായി 'മാർക്കോ' മാറും. മാളികപ്പുറത്തിന്റെ കളക്ഷൻ റെക്കോർഡാണ് മാർക്കോ തിരുത്തി കുറിച്ചത്. ചിത്രത്തിന്റെ സെൻസറിങ് ഘടകങ്ങളും വാർത്തകളിൽ വളരെ ചർച്ചയാണ്. രണ്ടു മണിക്കൂർ ഇരുപത്തിയഞ്ച് മിനിറ്റ് ആണ് മാർക്കോ സിനിമയുടെ ദൈർഘ്യം.

നിരവധി ആക്ഷൻ സിനിമകൾ മലയാളത്തിൽ വന്നിട്ടുണ്ടെങ്കിലും വയലൻസിന് പ്രാധാന്യം നൽകി ഒരു മാസ്സീവ്-വയലൻസ് ചിത്രം എത്തുന്നത് ആദ്യമായാണ്. വയലൻസ് എലമെന്റ് കൂടുതലുള്ളതിനാൽ സെൻസർ ബോർഡ് എ സർട്ടിഫിക്കറ്റാണ് ചിത്രത്തിന് നൽകിയിരിക്കുന്നത്. 'മലയാളത്തിന്റെ മോസ്റ്റ് വയലന്റ് ഫിലിം' എന്നാണ് അണിയറ പ്രവർത്തകർ ചിത്രത്തെ വിശേഷിപ്പിക്കുന്നത്. ഹനീഫ് അദേനി ചിത്രം 'മിഖായേൽ'ൽ ഉണ്ണി മുകുന്ദൻ അവതരിപ്പിച്ച വില്ലൻ കഥാപാത്രം 'മാർക്കോ ജൂനിയർ'നെ ഫോക്കസ് ചെയ്തൊരുങ്ങുന്ന സ്പിൻ ഓഫാണിത്. വില്ലനെയും വില്ലന്റെ വില്ലത്തരങ്ങളും ഹൈലൈറ്റ് ചെയ്ത് എത്തുന്ന ഈ ചിത്രത്തിന്റെ ആക്ഷൻ കോറിയോഗ്രഫി ചെയ്തിരിക്കുന്നത് പ്രമുഖ ആക്ഷൻ ഡയറക്ടർ കലൈ കിംഗ്സണാണ്.100 ദിവസം നിണ്ടുനിന്ന ചിത്രീകരണത്തിൽ 60 ദിവസവും ആക്ഷൻ രംഗങ്ങളായിരുന്നു എന്നാണ് റിപ്പോർട്ട്. ഉണ്ണി മുകുന്ദന്റെ കരിയറിൽ ഏറ്റവും മുതൽ മുടക്കുള്ള സിനിമയാണ് 'മാർക്കോ'.

ചിത്രത്തിന്റെ ടീസറിനും ട്രെയിലറും ഗാനങ്ങളും റിലീസ് ചെയ്ത് നിമിഷങ്ങൾക്കുള്ളിൽ മില്യണിലധികം കാഴ്ചക്കാരാണ് യൂ ട്യുബിൽ കണ്ടത്. 'കെ.ജി.എഫ്', 'സലാർ' എന്നീ ബ്രഹ്മാണ്ഡ ചിത്രങ്ങളുടെ സംഗീത സംവിധായകൻ രവി ബസ്രൂരാണ് ചിത്രത്തിന് സംഗീതം പകരുന്നത്. മ്യൂസിക് റൈറ്റ്സ് സ്വന്തമാക്കിയിരിക്കുന്നത് സോണി മ്യൂസിക്കാണ്. ചിത്രത്തിന്റെതായ് പുറത്തുവിട്ട പോസ്റ്ററുകളെല്ലാം വൈറലായിരുന്നു. ഫസ്റ്റ് ലുക്ക് റിലീസ് ചെയ്തപ്പോഴേ ഗംഭീര റെസ്പോൺസ് പ്രേക്ഷകരിൽ നിന്നും ലഭിച്ചത്. മാർക്കോയുടെ ടീസർ റീക്രീഷൻ വിഡിയോകൾ യൂട്യൂബിൽ വൻ വൈറലാണ്.

ജഗദീഷ്, ആൻസൺ പോൾ, കബീർ ദുഹാൻസിംഗ് (ടർബോ ഫെയിം), സിദ്ദീഖ്, അഭിമന്യു തിലകൻ, മാത്യു വർഗീസ്, അർജുൻ നന്ദകുമാർ, ബീറ്റോ ഡേവിസ്, ദിനേശ് പ്രഭാകർ, ശ്രീജിത്ത് രവി, ലിഷോയ്, ബാഷിദ് ബഷീർ, ജിയാ ഇറാനി, സനീഷ് നമ്പ്യാർ, ഷാജി ഷാഹിദ്, ഇഷാൻ ഷൗക്കത്, അജിത് കോശി, യുക്തി തരേജ, ദുർവാ താക്കർ, സജിത ശ്രീജിത്ത്, പ്രവദ മേനോൻ, സ്വാതി ത്യാഗി, സോണിയ ഗിരി, മീര നായർ, ബിന്ദു സജീവ്, ചിത്ര പ്രസാദ് തുടങ്ങിയവരും ചിത്രത്തിലുണ്ട്.

എക്സിക്യൂറിറ്റിവ് പ്രൊഡ്യൂസർ: ജുമാനാ ഷെരീഫ്, ഗാനരചന: വിനായക് ശശികുമാർ, ഛായാഗ്രഹണം: ചന്ദ്രു സെൽവരാജ്, ചിത്രസംയോജനം: ഷമീർ മുഹമ്മദ്, പ്രൊഡക്ഷൻ കൺട്രോളർ: ദീപക് പരമേശ്വരൻ, കലാസംവിധാനം: സുനിൽ ദാസ്, മേക്കപ്പ്: സുധി സുരേന്ദ്രൻ, കോസ്റ്റ്യൂം ഡിസൈൻ: ധന്യാ ബാലകൃഷ്ണൻ, ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ: സ്യമന്തക് പ്രദീപ്, പ്രൊഡക്ഷൻ എക്സിക്യുട്ടീവ്: ബിനു മണമ്പൂർ, ഓഡിയോഗ്രഫി: എം.ആർ. രാജകൃഷ്ണൻ, പ്രൊമോഷൻ കൺസൽട്ടന്റ്: വിപിൻ കുമാർ ടെൻ ജി മീഡിയ, സൗണ്ട് ഡിസൈൻ: കിഷൻ, വി എഫ് എക്സ്: 3 ഡോർസ്, സ്റ്റീൽസ്: നന്ദു ഗോപാലകൃഷ്ണൻ.

# ടെക്നോപാർക്കിൽ മലയാളി മങ്ക – കേരള ശ്രീമാൻ മത്സരം: ദിവ്യ റോസും നിസിൽ ബോസും വിജയികൾ



തിരുവനന്തപുരം: കേരളത്തിലെ ഐടി പ്രൊഫഷണലുകൾക്കായി ടെക്നോപാർക്ക് ടുഡേയും ടെക്കീസ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച മലയാളി മങ്ക – കേരള ശ്രീമാൻ 2024 മത്സരത്തിൻറെ ഗ്രാൻഡ് ഫിനാലെയ്ക്ക് ടെക്നോപാർക്ക് വേദിയായി. ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ നടന്ന പരിപാടിയിൽ മലയാളി മങ്കയായി ദിവ്യ റോസും (ഒറക്കിൾ) കേരള ശ്രീമാനായി നിസിൽ ബോസും (ടാറ്റ എൽക്സി) തിരഞ്ഞെടുക്കപ്പെട്ടു.

ടിസിഎസിലെ ആതിര എ എസ്, ഇവൈയിലെ അഖിൽ ജെ ചെറുകുന്നം എന്നിവർ ഫസ്റ്റ് റണ്ണർ അപ്പായി. ഇൻഫോസിസിൽ നിന്നുള്ള അഞ്ചന എ എസ്, സൺടെക് ബിസിനസ് സൊല്യൂഷനിലെ അഭിജിത്ത് വിജയൻ എന്നിവർ രണ്ടാം റണ്ണർ അപ്പായി. മൂന്ന് മാസം നീണ്ടുനിന്ന രണ്ട് റൗണ്ടുകളിലായി നടന്ന മത്സരത്തിൽ കേരളത്തിലുടനീളമുള്ള ഐടി പാർക്കുകളിൽ നിന്നുള്ള 300 ലധികം മത്സരാർത്ഥികൾ പ്രാരംഭ റൗണ്ടിൽ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട 25 ഫൈനലിസ്റ്റുകളാണ് ഗ്രാൻഡ് ഫിനാലെയിൽ മത്സരിച്ചത്.

മത്സരാർത്ഥികളുടെ ആത്മവിശ്വാസം, ബുദ്ധി, കേരളത്തിൻറെ തനത് പാരമ്പര്യങ്ങളുമായുള്ള ബന്ധം തുടങ്ങിയവ പരിഗണിച്ച് ബിഗ് ബോസ് ഫെയിം ശോഭ വിശ്വനാഥും ആഡ് ഫിലിംമേക്കർ പ്രജീഷ് നിർഭയയും ഉൾപ്പെട്ട പാനലാണ് വിജയികളെ തിരഞ്ഞെടുത്തത്. മികച്ച കണ്ണുകൾ, മുടി, പുഞ്ചിരി, ചർമ്മം, രൂപം എന്നിവയ്ക്കും പ്രത്യേക പുരസ്കാരങ്ങൾ നല്കി.

ടെക്കികളുടെ സൗന്ദര്യം, കഴിവ്, കേരളത്തനിമ എന്നിവയുടെ സമന്വയത്തെ പ്രതിഫലിപ്പിക്കുന്ന കേരളത്തിലെ ഐടി മേഖലയിലെ ഏറ്റവും അഭിമാനകരമായ പരിപാടികളിലൊന്നാണ് മലയാളി മങ്ക – കേരള ശ്രീമാൻ മത്സരം. സംസ്ഥാനത്തെ ടെക്കികളുടെ ഊർജസ്വലതയേയും സാഹോദര്യത്തേയും ഐക്യബോധത്തേയും കൂട്ടിയിണക്കുന്ന ഒന്ന് കൂടിയാണിത്.

# പൊതുജനാരോഗ്യം സിദ്ധയിലൂടെ: സൗജന്യ മെഡിക്കൽ ക്യാമ്പും ആരോഗ്യ ഭക്ഷ്യ മേളയും

**സിദ്ധ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും**

എട്ടാമത് സിദ്ധ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 20 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് പൂജപ്പുര സരസ്വതീ മണ്ഡപത്തിൽ വച്ച് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും.

ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ്, ആരോഗ്യ ഭക്ഷ്യ മേള, ഔഷധസസ്യ പ്രദർശനം എന്നിവയും പൂജപ്പുര മണ്ഡപത്തിൽ സംഘടിപ്പിക്കും. ആയുഷ് വകുപ്പിന്റെയും നാഷണൽ ആയുഷ് മിഷന്റെയും പൂജപ്പുര സിദ്ധ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ സൗജന്യ രക്ത പരിശോധന, അസ്ഥി സാന്ദ്രത നിർണയ ക്യാമ്പ്, പ്രമേഹ ചികിത്സാ വിഭാഗം, ത്വക്ക് രോഗ ചികിത്സാ വിഭാഗം, അലർജി ആസ്ത്മ ക്ലിനിക്ക്, സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പ്രത്യേക ഒപി, ജനറൽ ഒപി, എന്നിവയും ഉണ്ടാകും.

സിദ്ധ വൈദ്യ ശാസ്ത്രത്തിന്റെ പിതാവായ അഗസ്ത്യ മുനിയുടെ ജന്മദിനമാണ് സിദ്ധ ദിനമായി ആചാരിച്ച് വരുന്നുത്. ഈ വർഷത്തെ സിദ്ധ ദിനം 2024 ഡിസംബർ 19ന് രാജ്യമൊട്ടാകെ ആചരിക്കുകയാണ്. 'പൊതുജനാരോഗ്യം സിദ്ധയിലൂടെ' എന്നതാണ് ഈ വർഷത്തെ സിദ്ധ ദിനാചരണ സന്ദേശം.

# ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ: വോളണ്ടിയർമാരെ ക്ഷണിച്ചു

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിലേക്ക് വോളണ്ടിയർമാരെ ക്ഷണിച്ചു. താത്പര്യമുള്ള വിദ്യാർത്ഥികളായ വോളണ്ടിയർമാർക്ക് അപേക്ഷിക്കാം.

2024 ഡിസംബർ മുതൽ 2025 ഫെബ്രുവരി വരെ മുഴുവൻ സമയ പ്രവർത്തനത്തിനായാണ് വോളണ്ടിയർമാരെ ക്ഷണിച്ചത്. ഡിഗ്രിയുള്ളവർക്ക് അപേക്ഷിക്കാം. ഇംഗ്ലീഷ്, മലയാളം ഭാഷകൾ അറിയണം. മികച്ച ആശയ വിനിമയ ശേഷി അഭികാമ്യം. അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാണ്. സർക്കാർ പദ്ധതികളുമായി സഹകരിച്ച് പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും.

വളണ്ടിയർമാർക്ക് എനർജി മാനേജ്മെന്റ് മേഖലയിലെ വിദഗ്ദർ , വകുപ്പുകൾ, ഏജൻസികൾ എന്നിവർ പരിശീലനം നൽകും. പ്രവർത്തനം വിജയകരമായി പൂർത്തിയാക്കുന്ന വളണ്ടിയർമാർക്ക് ഇ എം സി ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് നൽകും. കേരളത്തിന്റെ ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുമുള്ള മികച്ച അവസരമാണ് ഐ ഇ എഫ് കെ 2025 നൽകുന്നത്.

താൽപ്പര്യമുള്ള സന്നദ്ധ പ്രവർത്തകർ ശലഉസ.ശി വെബ്സൈറ്റിൽ ലഭ്യമാക്കിയ ഗൂഗിൾ ഫോർമാറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി ഡിസംബർ 31 നകം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2594922, 9400068335,

### സ്കൂൾ കലോത്സവം: റീൽ മത്സരത്തിന് എൻട്രികൾ സമർപ്പിക്കാം

2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്തുവച്ച് നടക്കുന്ന 63-മത് കേരള സ്കൂൾ കലോത്സവത്തിന്റെ പ്രചാരണത്തിനായി സ്കൂളുകൾക്കു വേണ്ടി സംഘടിപ്പിക്കുന്ന റീൽ മത്സരത്തിന് എൻട്രികൾ സമർപ്പിക്കേണ്ട ഇ-മെയിൽ വിലാസം seralasch oolkalolsava mreels@gmail.com ആണ്. ഈ വിലാസത്തിൽ ഒരു മിനിട്ടിൽ കൂടാതെ ദൈർഘ്യമുള്ള റീലുകൾ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതമാണ് നൽകേണ്ടത്. റീലുകളിൽ യുവജനോത്സവത്തിന്റെ ഔദ്യോഗിക ലോഗോ, വേദി, തീയതി തുടങ്ങിയ വിശദാംശങ്ങളും ആശംസകളും ഉൾപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്ക് 0471 2338541 എന്ന നമ്പറിൽ ബന്ധപ്പെടാം.

### ചെസ് മത്സരം സംഘടിപ്പിക്കുന്നു

ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി ചെസ്സ് മത്സരം സംഘടിപ്പിക്കും. 2025 ജനുവരി 4 ന് കണ്ണൂരിൽ വെച്ചാണ് മത്സരം. വിജയികൾക്ക് ഒന്നാം സ്ഥാനത്തിന് 15,000 രൂപയും രണ്ടാം സ്ഥാനത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5,000 രൂപയും ലഭിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ളവർ ഫോട്ടോ ഉൾപ്പെടെ വിശദമായ ബയോഡേറ്റ ീ മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ നേരിട്ടോ നൽകാവുന്നതാണ്. അപേക്ഷിക്കാനുള്ള അവസാന ഡിസംബർ 31. 0471–2308630.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സ്ത്രീശബ്ദം ഉയർന്നുകേട്ട പാനൽ ചർച്ച 'ഫീമെയ്ൽ വോയ്സസ്'

ഐഎഫ്എഫ്കെയുടെ ഏഴാം ദിനത്തിലെ പാനൽ ചർച്ച 'ഫീമെയ്ൽ വോയ്സസി'ൽ മുഴങ്ങിക്കേട്ടത് സിനിമയിലെ സ്ത്രീശബ്ദം. മേളയ്ക്കെത്തിയ പ്രമുഖ വനിതാ ചലച്ചിത്രപ്രവർത്തകർ അണിനിരന്നപ്പോൾ ഹോട്ടൽ ഹൊറൈസണിൽ നടന്ന ചർച്ച കാലിക പ്രസക്തമായി.

സംവിധായിക റിമ ദാസ്, പ്രൊഡക്ഷൻ ഡിസൈനറും അഭിനേത്രിയുമായ അനസൂയ സെൻഗുപ്ത, നടി കനി കുസൃതി, സംവിധായികയും ഛായാഗ്രാഹകയുമായ ഫൗസിയ ഫാത്തിമ എന്നിവരാണ് ഇന്ത്യൻ സ്വതന്ത്ര സിനിമയിലെ സ്ത്രീ സാന്നിധ്യത്തെപ്പറ്റി നടന്ന ചർച്ചയിൽ പങ്കെടുത്തത്.

മേളയുടെ ക്യൂറേറ്റർ ഗോൾഡ സെല്ലം മോഡറേറ്ററായ പരിപാടിയിൽ സിനിമാരംഗത്തെ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളും സ്ത്രീകൾക്ക് മുന്നിലുള്ള സാധ്യതകളും ചർച്ചയായി.

സിനിമാമേഖലയിൽ സ്ത്രീകൾ കുറവായതുകൊണ്ട് തന്നെ പലപ്പോഴും ഏറ്റവും മികച്ച സിനിമകൾ ചെയ്യണമെന്ന സമ്മർദം സ്ത്രീകൾക്ക് മേൽ ഉണ്ടാകുന്നുവെന്നും സിനിമയിലെ സ്ത്രീ സാന്നിധ്യം സർവ്വസാധാരണമാകണമെന്നും കനി കുസൃതി പറഞ്ഞു.

സിനിമാമേഖലയിൽ സ്ത്രീകൾ മറ്റു സ്ത്രീകളെ പിന്തുണയ്ക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് റിമ ദാസ് സംസാരിച്ചത്. സിനിമയിലെ അണിയറ പ്രവർത്തനങ്ങൾക്കും സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യാനും സ്ത്രീകൾക്ക് അവസരങ്ങൾ ഒരുക്കുക എന്നതും അവരുടെ തൊഴിൽ അംഗീകരിക്കുക എന്നതും കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഫൗസിയ ഫാത്തിമ അഭിപ്രായപ്പെട്ടു. സ്ത്രീകളുടെ സാന്നിധ്യം എന്നും സിനിമാമേഖലയിൽ ഉണ്ടായിട്ടുണ്ടെന്നും എന്നാൽ അത് ചർച്ചചെയ്യപ്പെടാൻ തുടങ്ങിയത് ഈയടുത്ത കാലത്താണെന്നും അനസൂയ സെൻഗുപ്ത പറഞ്ഞു.

സമകാലിക ഇന്ത്യൻ സിനിമയിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും സിനിമാ മേഖലയിലെ സ്ത്രീ മുന്നേറ്റങ്ങളെപ്പറ്റിയും അതിഥികൾ അവരുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. സ്ത്രീകളുടെ കാഴ്ചപ്പാടിലൂടെ ലോകത്തെ കാണുന്ന സിനിമകൾ കൂടുതലുണ്ടാകണമെന്ന് ചർച്ചയിൽ അഭിപ്രായമുയർന്നു. സ്ത്രീകൾ നേരിടുന്ന സാമ്പത്തിക, സാമൂഹിക പ്രതിബന്ധങ്ങളെ പറ്റിയും അവർക്ക് സിനിമാ മേഖലയിൽ സുസ്ഥിരമായ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ചർച്ചകൾ നീണ്ടു. ശക്തമായ സ്ത്രീ കഥാപാത്രങ്ങളെ സൃഷ്ടിക്കാൻ സ്ത്രീകൾതന്നെ മുന്നോട്ട് വരണമെന്നും പാനൽ ചർച്ച ഓർമപ്പെടുത്തി.



ഹോട്ടൽ ഹൊറൈസണിൽ മേളയ്ക്കെത്തിയ പ്രമുഖ വനിതാ ചലച്ചിത്ര പ്രവർത്തകർ അണിനിരന്നപ്പോൾ

# സെലക്ഷൻ കമ്മിറ്റി അംഗങ്ങളുടെ വാക്കുകൾ

മലയാളം സിനിമ ടുഡേ വിഭാഗത്തിലെ 14 സിനിമകളിൽ സ്വതന്ത്ര സിനിമകളുടെ പങ്ക് വലുതാണെന്ന് മലയാളം സിനിമ ടുഡേ വിഭാഗം സെലക്ഷൻ കമ്മിറ്റി ചെയർപേഴ്സൺ ജിയോ ബേബി. നൂതനമായതും പരീക്ഷണാടിസ്ഥാനത്തിലും നിർമിച്ച ചിത്രങ്ങൾ കൂടുതലായുള്ളത് സ്വതന്ത്ര സിനിമകളിലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മികവാർന്ന ദേശീയ, രാജ്യാന്തര സിനിമകൾ ഇത്തവണത്തെ മേളയിൽ പ്രേക്ഷകർക്കുമുന്നിലെത്തി. ഭാരിച്ച പണച്ചെലവേറിയ ഒന്നല്ല സിനിമ എന്നു ചൂണ്ടിക്കാട്ടുന്നതാണ് ഈ വിഭാഗത്തിൽ വന്ന കാമദേവൻ നക്ഷത്രം കണ്ടു, വട്ടൂസി സോംബി എന്നീ ചിത്രങ്ങൾ. ഐ.എഫ്.എഫ്.കെയ്ക്കു വേണ്ടി മാത്രം സിനിമകൾ നിർമിക്കുന്ന കൂട്ടായ്മകളുണ്ടെന്നത് മേളയുടെ പ്രാധാന്യത്തെ ചൂണ്ടിക്കാട്ടുന്നു. നിലവാരമുള്ള കേരളത്തിലെ പ്രേക്ഷകർ വിജയിപ്പിക്കുന്നതും അങ്ങനെയുള്ള ചിത്രങ്ങളാണ്. പലതരം സിനിമകൾ ചെയ്യാൻ പറ്റുന്ന നാട്ടിൽ ജീവിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. ഒപ്പം അത് വലിയ ഉത്തരവാദിത്തം കൂടി നൽകുന്നുണ്ട്. ഗംഭീര സിനിമകളാണ് ഇവിടുത്തെ പ്രേക്ഷകർക്ക് വേണ്ടത് എന്ന ബോധ്യം ഉണ്ടായിരുന്നു. എത്രപേർ മേളയിൽ പങ്കെടുത്തു എന്നതിനുമപ്പുറം എത്ര പേർ സിനിമകൾ കാണാൻ കയറുന്നു എന്നതാണ് ചോദ്യം. ആ ചോദ്യത്തിന്റെ ഉത്തരമാണ് നിറഞ്ഞ സദസ്സിൽ പ്രദശനം പുരോഗമിക്കുന്ന സിനിമകൾ എന്നും ജിയോ ബേബി ചൂണ്ടിക്കാട്ടി.

250 ഓളം ചിത്രങ്ങളിൽ നിന്ന് 10 ചിത്രങ്ങൾ തിരഞ്ഞെടുക്കുക എന്നത് പ്രയാസമേറിയ പ്രക്രിയയായിരുന്നുവെന്ന് അന്താരാഷ്ട്ര മത്സര വിഭാഗം സെലക്ഷൻ കമ്മിറ്റി അംഗം ശ്രുതി ശരണ്യം പറയുന്നു. നിത്യേന എട്ടു മുതൽ 15 സിനിമ വരെ കണ്ടാണ് രണ്ടു മാസം കൊണ്ട് എല്ലാ ചിത്രങ്ങളും കണ്ടുതീർത്തത്. അഞ്ചു പേർ അടങ്ങിയ കമ്മിറ്റിയിൽ അവരവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ പല കാഴ്ച്ചപ്പാടുകളിലൂടെ സഞ്ചരിച്ച് ഒരൊറ്റ ഉത്തരത്തിൽ എത്തുക എന്നത് കഠിനവും അതേസമയം പുതിയ ചിന്തകൾ പകരുന്നതുമായിരുന്നു.

മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി, മാലു, എൽബോ തുടങ്ങിയ ചിത്രങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചത് വ്യക്തിപരമായി സന്തോഷം നൽകി. കഥാപാത്രങ്ങൾക്ക് ഏറെ പ്രാധാന്യമുള്ളതും കഥാപാത്രങ്ങളാൽ മുന്നോട്ടുപോകുന്നതുമായ ഫെമിനിച്ചി ഫാത്തിമ പോലുള്ള സിനിമകൾ

അന്താരാഷ്ട്ര മത്സര വിഭാഗത്തിന്റെ ഭാഗമായതിൽ അഭിമാനമുണ്ട്. കുറഞ്ഞ ചെലവിൽ സാധാരണക്കാരുമായി ഒത്തുചേർന്ന് നിർമിച്ച ഫെമിനിച്ചി ഫാത്തിമയ്ക്ക് മികച്ച പ്രേക്ഷക പ്രതികരണം കിട്ടുകയും ചെയ്തു. ജയൻ ചെറിയാന്റെ റിഥം ഓഫ് ദമാം പ്രേക്ഷക ശ്രദ്ധ നേടിയെന്നും തികഞ്ഞ ഉൾകാഴ്ച്ചയുള്ള ഒരു ചലച്ചിത്ര പ്രവർത്തകനാണ് ജയൻ എന്നും ശ്രുതി ശരണ്യം പറഞ്ഞു.

സ്വാഭാവികമായി തെരഞ്ഞെടുക്കപ്പെട്ട വൈവിധ്യമാർന്ന ഒരു കൂട്ടം സിനിമകളാണ് ഇന്ത്യൻ സിനിമ നൗ വിഭാഗത്തിലുള്ളതെന്ന് സെലക്ഷൻ കമ്മിറ്റി അംഗം ആദിത്യ ശ്രീകൃഷ്ണ പറഞ്ഞു. ജാതിയെക്കുറിച്ച് സംസാരിക്കുന്ന സിനിമകളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആജൂർ എന്ന ചിത്രത്തിലൂടെ ബജ്ജിഗ ഭാഷയെ ചലച്ചിത്രാസ്വാദകരിലേക്ക് എത്തിച്ചു. ആദിവാസി സ്ത്രീയുടെ കഥ പറയുന്ന ഹ്യൂമൻസ് ഇൻ ദ ലൂപ്പ് എന്ന ചിത്രവും എടുത്ത് പറയേണ്ടതാണ്. ആധുനികതയുടെയും പാരമ്പര്യത്തിന്റെയും വൈരുദ്ധ്യമാണ് ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ പ്രദശിപ്പിച്ച അങ്കമ്മാൾ എന്ന ചിത്രത്തിൽ ചർച്ചചെയ്യപ്പെടുന്നതെന്നും ആദിത്യ ശ്രീകൃഷ്ണ പറഞ്ഞു.

# പരീക്ഷണ സിനിമകൾക്കുള്ള മികച്ച വേദിയാണ് ഐഎഫ്എഫ് കെയെന്ന് സംവിധായകർ

സർഗാത്മകതയ്ക്ക് വിലക്കുകളില്ലാതെ മികച്ച കലാസൃഷ്ടികൾ പ്രദർശിപ്പിക്കാൻ കഴിയുന്ന വേദിയാണ് കേരള രാജ്യാന്തര ചലച്ചിത്ര മേളയെന്ന് സംവിധായകർ. ഏഴാം ദിനം ടാഗോർ തിയറ്ററിൽ നടന്ന മീറ്റ് ദി ഡയറക്ടർ പരിപാടിയിൽ സംവിധായകരായ ഫാസിൽ മുഹമ്മദ്, ജിതിൻ ഐസക് തോമസ്, ഈജിപ്ഷ്യൻ അഭിനേതാവായ അഹ്മദ് കമൽ എന്നിവരാണ് പങ്കെടുത്തത്.

വളരെ കുറഞ്ഞ ചിലവിൽ ചിത്രീകരിച്ച ചിത്രമായിട്ടും 'പാത്ത്'ന് മികച്ച പ്രേക്ഷക പ്രതികരണമാണ് ഐ എഫ് എഫ് കെയിൽ ലഭിച്ചത് എന്നതിൽ സന്തോഷമുണ്ടന്ന് സംവിധായകൻ ജിതിൻ ഐസക് തോമസ് പറഞ്ഞു. പൊന്നാനിയിലെ അയൽക്കാരും സുഹൃത്തുക്കളും അടങ്ങുന്ന ചെറിയൊരു ടീമിന്റെ പരിശ്രമമാണ് 'ഫെമിനിച്ചി ഫാത്തിമ' എന്ന് ഫാസിൽ പറഞ്ഞു. സ്വന്തം വീട്ടിലെ സ്ത്രീജീവിതങ്ങളാണ് താൻ ആവിഷ്കരിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സിനിമയെ ശ്രദ്ധാപൂർവമാണ് വീക്ഷിക്കുന്നതെന്നും അതേസമയം ഈജിപ്ഷ്യൻ സിനിമ നേരിടുന്ന സെൻസർഷിപ്പ് പ്രശ്നങ്ങളെ കുറിച്ചും ഈജിപ്ഷ്യൻ അഭിനേതാവ് അഹ്മദ് കമൽ സാംസാരിച്ചു. മീര സാഹിബ് മോഡറേറ്ററായ ചർച്ചയിൽ ബാബു കിരിയത്ത് നന്ദി അറിയിച്ചു. 29-ാമത് രാജ്യാന്തര ചലച്ചിത്ര മേലായിലെ മീറ്റ് ദി ഡയറക്ടേഴ്സ് പരിപാടിയുടെ അവസാനത്തെ പതിപ്പായിരുന്നു ഇത്.

## ഐഎഫ്എഫ്കെയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷം: നാനാ ജോർജാഡ്സെ

ഐഎഫ്എഫ്കെയുടെ ഭാഗമാകാൻ കഴിഞ്ഞതിന്റെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടാണ് ജോർജിയൻ സംവിധായിക നാനാ ജോർജാഡ്സെ നിള തിയേറ്ററിൽ നടന്ന ഇൻ കോൺവർസേഷനിൽ സംഭാഷണം തുടങ്ങിയത്. അന്താരാഷ്ട്ര മത്സരവിഭാഗത്തിലെ ജൂറി അംഗമായ നാനാ ജോർഡ്ജാഡ്സെയുമായി ആദിത്യ ശ്രീകൃഷ്ണയാണ് സംസാരിച്ചത്. കുട്ടിക്കാലം മുതൽ സിനിമയോടുള്ള ഇഷ്ടം ആർക്കിടെക്ചർ പഠന ശേഷം സിനിമയിലേക്കുള്ളതന്റെ കടന്നുവരവിന് കാരണമായെന്നു നാനാ ജോർജാഡ്സെ പറഞ്ഞു. പ്രത്യേകമായൊരു സിനിമ സംസ്കാരം ജോർജിയക്കില്ലെന്നും മറിച്ച് അതിവിശാലമായ ഭൂപ്രകൃതിയുള്ള തന്റെ രാജ്യത്തെ സിനിമയിലൂടെ ചലച്ചിത്രസ്വാദകർക്ക് സമ്മാനിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജോർഡ്ജാഡ്സെ പറഞ്ഞു.

മാജിക്കൽ റിയലിസത്തെ തന്റെ ചിത്രങ്ങളിൽ സ്വാംശീകരിക്കുവാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു. തന്റെ യഥാർഥ ജീവിതത്തിലും മാജിക് റിയലിസത്തെ മാറ്റിനിർത്തുവാനോ അതിന്റെ അതിർവരമ്പുകൾ നിർണയിക്കുവാനോ സാധിച്ചിരുന്നില്ല. സിനിമകളിൽ ജീവിതാംശങ്ങൾ ഏറെയുണ്ടെന്നും യഥാർത്ഥ മനുഷ്യരും മനുഷ്യജീവിതങ്ങളുമാണ് തന്റെ ചിത്രങ്ങളിൽ പ്രത്യേക്ഷപ്പെടാറുള്ളതെന്നും അവർ പറഞ്ഞു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി വളരെ കുറഞ്ഞ ചിലവിൽ നിർമിക്കുന്ന ജോർജിയൻ ചിത്രങ്ങൾ വിവിധ അന്താരാഷ്ട്രമേളകളിൽ പ്രദർശിപ്പിക്കപ്പെടാറുണ്ട്. ഫ്രാൻസ്, ജർമ്മനി, പോളണ്ട് പോലുള്ള രാജ്യങ്ങൾ ജോർജിയൻ സിനിമകളുടെ നിർമാണത്തിന് സഹായിക്കാറുണ്ടെന്നും അവർ പറഞ്ഞു.

### പ്രേക്ഷക വിധി: മികച്ച സംവിധായകനെ പോളിങ്ങിലൂടെ തെരെഞ്ഞെടുക്കാം

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ അന്താരാഷ്ട്ര മൽസരവിഭാഗത്തിൽ മത്സരിക്കുന്ന 14 ചിത്രങ്ങളിൽ നിന്ന് മികച്ച സിനിമ തെരഞ്ഞെടുക്കാൻ പ്രേക്ഷകർക്ക് അവസരം. മേളയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയോ, മൊബൈൽ അപ്ലിക്കേഷൻ വഴിയോ അല്ലെങ്കിൽ എസ്.എം.എസ് വഴിയോ വോട്ടിങ് രേഖപെടുത്താം. വോട്ടിങ് ചെയ്യണ്ട അവസാന തീയതി ഡിസംബർ 20 ഉച്ചക്ക് 2.30 വരെ.

# ഭിന്നശേഷി സൗഹൃദം ഈ മേള, ആംഗ്യ ഭാഷയിലും അവതരണം

സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളേയും ചേർത്തു നിർത്തിയാണ് 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള മുന്നോട്ടുപോകുന്നത്. ഭിന്നശേഷി സൗഹൃദമായ മേളയിൽ ഭിന്നശേഷിയുള്ളവർക്ക് കരുതലും പരിഗണനയും ഉറപ്പുവരുത്തുകയാണ് ചലച്ചിത്ര അക്കാദമി. കേൾവി പരിമിതിയുള്ളവർക്കായി മേളയുടെ ഭാഗമായി നടക്കുന്ന വിവിധ ചടങ്ങുകളുടെ ആംഗ്യഭാഷയിലുള്ള അവതരണം തത്സമയം നടക്കുന്നു. നിശാഗന്ധിയിൽ അരങ്ങേറുന്ന പരിപാടികളിലാണ് ആംഗ്യഭാഷയിലും പ്രസംഗവുമുൾപ്പെടെ അവതരിപ്പിക്കുന്നത്. വിദേശ പ്രതിനിധികൾ ഉൾപ്പെടെ ഒട്ടേറെപ്പേർ പങ്കെടുക്കുന്ന കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ഇതാദ്യമായാണ് ആംഗ്യഭാഷയിലുള്ള അവതരണം. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിലെ അധ്യാപികയും സൈൻ ലാംഗ്വേജ് ഇന്റർപ്രെറ്ററുമായ സിൽവി മാക്സി മേനയാണ് പ്രതിഫലം കൈപ്പറ്റാതെ ഐഎഫ്എഫ്കെയിലെ ആംഗ്യഭാഷാ അവതാരകയായെത്തിയിരിക്കുന്നത്. ഇത്തവണത്തേത് ഭിന്നശേഷി സൗഹൃദമേളയാണെന്ന പത്രവാർത്ത കണ്ടപ്പോഴാണ് റാംപുൾപ്പെടെയുള്ള സൗകര്യങ്ങൾ ഐ



എഫ്എഫ്കെയുടെ ഭാഗമായി ഒരുക്കുന്നുണ്ടെങ്കിലും അതിൽ ആംഗ്യഭാഷാ അവതരണമില്ലെന്ന് സിൽവിക്ക് മനസ്സിലായത്. തുടർന്ന് ആംഗ്യഭാഷ അവതാരകയാകാനുള്ള താത്പര്യം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാലിനെ അറിയിക്കുകയായിരുന്നു. സന്നദ്ധ സേവനത്തിനുള്ള സിൽവിയുടെ താത്പര്യം അറിഞ്ഞതോടെ ചലച്ചിത്ര അക്കാദമി അവതാരകയാകാൻ അനുമതി നൽകി.

ഉദ്ഘാടനദിനം മുതൽ നിശാഗന്ധിയിൽ നടക്കുന്ന പരിപാടികളിലെല്ലാം സ്ഥിരസാന്നിധ്യമാണ് സിൽവി മാക്സി മേന. വേദിയിലെ അവതരണത്തിന് ശേഷം നന്ദി അറിയിച്ചുകൊണ്ട് തന്റെ മുന്നിലെത്തുന്ന കേൾവി പരിമിതരായവരുടെ പുഞ്ചിരിക്കുന്ന മുഖങ്ങളാണ് ഏറ്റവും വലിയ സമ്പാദ്യമെന്ന് സിൽവി പറയുന്നു. ചലച്ചിത്ര മേളയിൽ ആംഗ്യഭാഷയ്ക്ക് പ്രാധാന്യം നൽകുമ്പോൾ കേൾവി പരിമിതർ ഈ വേദിയിൽ അംഗീകരിക്കപ്പെടുകയാണെന്ന് സിൽവി പറഞ്ഞു.

മുദ്രകളിലൂടെ സിൽവി സംസാരിക്കുമ്പോൾ അവർക്ക് മുന്നിൽ ഐഎഫ്എഫ്കെ എന്ന രാജ്യാന്തര വേദിയുടെ വാതിലുകൾ കൂടിയാണ് തുറക്കപ്പെടുന്നത്. ഭിന്നശേഷിയുള്ളവർക്കായി ഇന്ത്യൻ ആംഗ്യഭാഷയിലെ മുദ്രകളെ അടിസ്ഥാനപ്പെടുത്തി മുദ്രനടനമെന്ന പേരിൽ നൃത്തവും ചിട്ടപ്പെടുത്തിയിട്ടുണ്ട് സിൽവി. ഭിന്നശേഷി സൗഹൃദമായ ഇത്തവണത്തെ മേളയിൽ ഭിന്നശേഷിയുള്ളവർക്ക് വരി നിൽക്കാതെ തന്നെ തിയേറ്ററുകളിലേക്ക് പ്രവേശനമുണ്ട്. നിശാഗന്ധിയടക്കം വേദികളിൽ റാംപ് ഉൾപ്പടെയുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

കേരളത്തിലെ ഐടി പ്രൊഫഷണലുകൾക്കായി ടെക്നോപാർക്ക് ടുഡേയും ടെക്കീസ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച മലയാളി മങ്ക - കേരള ശ്രീമാൻ 2024 മത്സര വിജയികൾ വിധികർത്താക്കളായ ബിഗ് ബോസ് ഫെയിം ശോഭ വിശ്വനാഥിനും ആഡ് ഫിലിംമേക്കർ പ്രജീഷ് നിർഭയയ്ക്കുമൊപ്പം.

